**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 265** **12-01-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പശ്ചാത്തല വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പശ്ചാത്തല വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും അതിൽ ഏതെല്ലാം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പശ്ചാത്തല വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്നും എത്ര തുകയ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ? | (ബി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാനിന് 717.29 കോടി രൂപയുടെ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ആദ്യഘട്ട നിർമ്മാണ പണികൾക്കായി 58.37 കോടി രൂപ കിഫ്ബി നൽകിയിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിനായി 194.329 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പദ്ധതികൾ**.

1. ഇൻഫോസിസ് ഫൗണ്ടേഷന്റെ സഹായത്തോടെ നിർമ്മിച്ച ഇരുനില ആകാശ ഇടനാഴി (സ്കൈവാക്ക്).
2. അത്യാഹിത വിഭാഗത്തിൽ പുതിയ എം.ആർ.ഐ/സി.റ്റി മെഷീനുകളും കമ്മ്യൂണിറ്റി ഫാർമസിയും സ്ഥാപിച്ചു.
3. ഹൈ എൻഡ് എക്കോ കാർഡിയോഗ്രാഫി മെഷീൻ എസ്.എ.റ്റി ആശുപത്രിയിൽ സ്ഥാപിച്ചു.
4. എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് പണി കഴിപ്പിച്ച പുതിയ മാതൃശിശു മന്ദിരം.
5. മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ പുതിയ കാത്ത് ലാബ് സ്ഥാപിച്ചു.
6. എച്ച്.എൽ.എൽ.ലൈഫ് കെയറിന്റെ നേതൃത്വത്തിൽ എസ്.എ.റ്റി ആശുപത്രിയിൽ എം.ആർ.ഐ/സി.റ്റി ഉപകരണങ്ങൾ സ്ഥാപിച്ചു.
7. നവീകരിച്ച രണ്ട് കാൻസർ വാർഡുകളുടെയും ഇൻ ഹൗസ് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും ഉദ്ഘാടനം.
8. എസ്.എ.റ്റി ആശുപത്രിയ്ക്ക് ആധുനിക സുരക്ഷാ സംവിധാനം.
9. എസ്.എ.റ്റി ആശുപത്രിയിൽ പീഡിയാട്രിക് കാത്ത് ലാബ്.
10. മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനോദ്ഘാടനം.
11. ആർദ്രം.
12. മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി ആന്റ് അനിമൽ ഹൗസ്.
13. വിദ്യാർത്ഥിനികളുടെ പാർപ്പിട സമുച്ചയം.
14. സ്കിൽ ലാബ്.
15. ഓട്ടിസം സെന്റർ.
16. ഭിന്ന ശേഷിക്കാരുടെ ശൗചാലയം.
17. ശലഭം.
18. സൂപ്പർ സോണിക്ക് ഷിയർ വേവേ ഇലാസ്റ്റോഗ്രാഫ്.
19. ബ്ലഡ് ബാങ്ക് ആട്ടോമേഷൻ.
20. ക്ലിനിക്കൽ ഫിസിയോളജി യൂണിറ്റ്.
21. സി.ഒ.കെ ആഡിറ്റോറിയം നവീകരണം.
22. ബാസ്കറ്റ് ബോൾ കോർട്ട്.
23. കവിട്രോൺ അൾട്രോസോണിക് സർജിക്കൽ ആസ്പിറ്റേർ (സി.യുയഎസ്.എ).
24. പത്തോളജി ബ്ലോക്ക് നവീകരണം.
25. പി.ഐ.പി.എം.എസ്-ലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കുള്ള പാർപ്പിട സമുച്ചയ നവീകരണം.
26. ന്യൂറോ സർജിറി ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്.
27. ത്രീഡി കളർ എക്കോ ഡോപ്ലർ മെഷീൻ.

28. കമ്പ്യൂട്ടർ റേഡിയോഗ്രാഫി എക്യൂപ്മെന്റ് & അൾട്രാസൗണ്ട് മെഷീൻ.
29. നവീകരിച്ച വാർഡ് 22.
30. പ്രീപെയ്ഡ് ആംബുലൻസ്.
31. ബയോഗ്യാസ് പ്ലാന്റ്.
32. നവീകരിച്ച എം.ഐ.സി.യു 2.
33. എൻ.സി.ഡി.ഐ.ആർ കാൻസർ രജിസ്ട്രി.
34. പുതിയ വെബ് ആപ്.
35. പുതിയ കാഷ്വാലിറ്റി.
36. കാതോരം പദ്ധതിയുടെ ഭാഗമായി ഇ.എൻ.ടി വകുപ്പിൽ എ.വി.റ്റി സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.
37. സ്ട്രോക്ക് സെന്ററിന്റെ പണികൾ പരോഗമിച്ചു വരുന്നു.
38. ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
39. മാസ്റ്റർ പ്ലാനിന്റെ ഒന്നാം ഘട്ട പണികൾ പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ് പാങ്ങപ്പാറയിൽ ആർദ്രം മിഷന്റെ ഭാഗമായി ഒ.പി സമയം വൈകിട്ട് 6 മണിവരെ ദീർഘിപ്പിച്ചിട്ടുള്ളതും 24X7 എന്ന രീതിയിൽ പരിമിതമായി ഐ.പി ചികിത്സ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിനുവേണ്ടി സർക്കാർ 10 സ്ഥിരം തസ്തികകൾ അനുവദിക്കുകയും തിരുവനന്തപുരം നഗരസഭ കരാർ അടിസ്ഥാനത്തിൽ 16 ജീവനക്കാരെ താൽക്കാലികമായും നിയമിച്ചിട്ടുണ്ട്. കൂടാതെ ഐ.പി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ തിരുവനന്തപുരം നഗരസഭയുടെ കീഴിലാണ് നടപ്പിലാക്കിവരുന്നത്.

ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. പീഡിയാട്രിക് കാർഡിയോളജി, പീഡിയാട്രിക് ന്യൂറോളജി, പീഡിയാട്രിക് നെഫ്രോളജി എന്നിവയ്ക്ക് പുതിയ വാർഡുകൾ ആരംഭിച്ചു.
2. കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു.
3. ഈ ആശുപത്രിയിലെ ആരോഗ്യപ്രവർത്തകരുടെ കൊച്ചു കുഞ്ഞുങ്ങൾക്കായി ക്രഷ് ഉദ്ഘാടനം ചെയ്തു.
4. എസ്.എ.റ്റി ആശുപത്രി മുഴുവനും സി.സി.ടി,വി നിരീക്ഷണത്തിൽ വരത്തക്കവിധം ക്യാമറകൾ സ്ഥാപിച്ചു. പുതിയ ഒരു ആട്ടോക്ലേവ് മെഷീൻ, മോപ്പിംഗ് മെഷീൻ എന്നിവ പ്രവർത്തനം ആരംഭിച്ചു.
5. കുട്ടികളുടെ അത്യാഹിത വിഭാഗം രോഗി സൗഹൃദമാക്കുന്നതിനുവേണ്ടി പുതിയ സ്ഥലത്തേയ്ക്ക് മാറ്റുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആർദ്രം പദ്ധതി പ്രകാരം ആരംഭിച്ചിട്ടുണ്ട്.
6. അമ്മമാരുടെ തീവ്രപരിചരണ വാർഡിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി.
7. ഏഴാം വാർഡിന്റെ നവീകരണ പ്രവർത്തനങ്ങൾ 40 ലക്ഷം രൂപയ്ക്ക് പൂർത്തിയായി.
8. എമർജൻസി ഓപ്പറേഷൻ തിയേറ്ററിന്റെ വാർഷിക നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
9. റീപ്രൊഡക്റ്റീവ് മെഡിസിൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

10. പുതിയ സ്റ്റാൻഡ്ബൈ തീയേറ്ററിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി.
11. പുതിയ മാതൃശിശു മന്ദിരം പ്രവർത്തനം ആരംഭിച്ചു.
12. ഇ-ഹെൽത്ത് പ്രകാരം ഒ.പിയിലെ ക്യൂ സിസ്റ്റം, അപ്പോയ്മെന്റ് എന്നിവ നടപ്പിലാക്കി.
13. എസ്.എ.റ്റി ആശുപത്രിയിൽ ജനിക്കുന്ന കുട്ടികളുടെ കേൾവിക്കുറവ് കണ്ടെത്തുന്നതിനായി നവജാത ശിശുക്കളെ OAE പരിശോധനയ്ക്ക് വിധേയമാക്കുന്നു. DEIC യുടെ ഭാഗമായി ഓട്ടിസം ഉൾപ്പെടെയുള്ള വൈകല്യമുള്ളവരുടെ മൊത്തമായുള്ള ചികിത്സയ്ക്കായി എസ്.എ.റ്റി ആശുപത്രിയിൽ ഓട്ടിസം ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
14. ജുവനൈൽ ഡയബറ്റിസ് കുട്ടികൾക്കായി മിഠായി എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.
15. ഹീമോഫീലിയാ ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചു.
16. കൂട്ടിരിപ്പുകാർക്ക് വിശ്രമകേന്ദ്രം നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജിയുടെ പുതിയ ബ്ലോക്ക് 27.02.2019-ൽ പ്രവർത്തന സജ്ജമായി കൂടാതെ ഈ സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാരുടേതുൾപ്പെടെ 63 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. കൂടാതെ ഈ സ്ഥാപനത്തിലെ പുതിയ കെട്ടിടത്തിന്റെ മൂന്ന് നിലകൾ നിലവിൽ പ്രവർത്തന സജ്ജമാണ്. മൂന്ന് നിലകളിലായി ഒ.പി രജിസ്ട്രേഷൻ, റഫറൽ ഒ.പി, കോർണിയ ക്ലിനിക്ക്, പീഡിയാട്രിക് ഒഫ്ത്താൽമോളജി ക്ലിനിക്ക്, സ്ക്വിന്റ് ക്ലിനിക്ക് എന്നിവ ആധുനിക ഉപകരണങ്ങളോടുകൂടി സജ്ജമാക്കിയിട്ടുണ്ട്.

വക്കം റൂറൽ ഹെൽത്ത് സെന്ററിൽ 2018-2019 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി പത്ത് ലക്ഷം രൂപ ഉപയോഗിച്ച് പഴയ ഐ.പി ബ്ലോക്ക് പുതുക്കി പണിതു. 2019-20 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 2,35,00,000/- (രണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ പുതിയ ഒ.പി ആന്റ് ഫാർമസി കെട്ടിടം പണിയുന്നതിനായി അനുവദിച്ചിട്ടുണ്ട്.